ഉത്തരം

(എ) സംസ്ഥാനത്ത് 278.7 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ആഡംബര നികുതി ചുമത്തിവരുന്നു.

(ബി) കെട്ടിടത്തിന്റെ കൂടുതൽ സൗകര്യപ്രദമായ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഔട്ട്ഹൗസ്, ഗ്യാരേജ് എന്നിവയുൾപ്പെടെയുള്ള കെട്ടിടത്തോടുചേർന്ന് നിർമ്മിക്കുന്ന എല്ലാ ഭാഗങ്ങളുടെയും തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് പരിഗണിക്കും.

(സി) ഇപ്പോൾ കണക്കാക്കുന്ന രീതിയനുസരിച്ച് ശരിയായ തറവിസ്തീർണ്ണം തന്നെയാണ് കണക്കാക്കുന്നത്.

(ഡി) തറവിസ്തീർണ്ണം ഉള്ളതുപോലെ തന്നെയാണ് കണക്കാക്കുന്നത്. ആഡംബര നികുതി ഒറ്റത്തവണയായി ഈടാക്കുന്നകാര്യം പരിഗണനയിലില്ല.

സർക്കാരിന്റെ വകയായുള്ള ആകെ മിച്ചഭൂമി

155 [2593] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വകയായി ആകെ എത്ര ഏക്കർ മിച്ചഭൂമി ഇപ്പോൾ നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും ഇവ ഏതൊക്കെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്ര ഏക്കർവീതമാണെന്നും വിശദമാക്കാമോ;

(സി) ഭൂമി സൗജന്യമായി ലഭിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേര് വെളിപ്പെടുത്താമോ;

(ഡി) സർക്കാർ അനുവദിച്ച മിച്ചഭൂമി അപേക്ഷിച്ച ആവശ്യത്തിന് ഉപയോഗിക്കാത്തതിന്റെപേരിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ വകയായി ആകെ 6590 ഏക്കർ മിച്ചഭൂമി ഇപ്പോൾ നിലവിലുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കാസർഗോഡ്	..	80.86	(ഏക്കർ)
കണ്ണൂർ	..	420.54	,,
വയനാട്	..	50.95	,,
മലപ്പുറം	..	16.46	,,
കോഴിക്കോട്	..	688.32	,,
പാലക്കാട്	..	1988.22	
തൃശ്ശൂർ	..	199.40	,,
എറണാകുളം	..	849.19	..
ഇടുക്കി	..	50.53	,,
കോട്ടയം	..	1108.55	,,
ആലപ്പുഴ	..	952.27	,,
പത്തനംതിട്ട	..	19.4	
കൊല്ലം	..	58.69	,,
തിരുവനന്തപുരം	..	186.70	,,

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് 1196 ഏക്കർ മിച്ചഭൂമി പതിച്ചുനൽകിയിട്ടുണ്ട്. ഇതിൽ 1160 ഏക്കർ വ്യക്തികൾക്കാണ് നൽകിയിരിക്കുന്നത്. മിച്ചഭൂമി പതിച്ചുകിട്ടിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ല

(1) ഐ. എച്ച്. ആർ. ഡി. .. 25 ഏക്കർ

വയനാട് ജില്ല

(2) പട്ടികവർഗ്ഗ വികസന വകുപ്പ് .. 1.31 ഏക്കർ
(3) വിദ്യാഭ്യാസ വകുപ്പ് .. 30 സെന്റ്
(4) കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ട് .. 5.5 ഏക്കർ
(5) പുലരി മഹിളാസമാജം, പുൽപ്പള്ളി .. 5 സെന്റ്
(6) മൈനർ ഇറിഗേഷൻ കനാൽ .. 30 സെന്റ്
(7) ഗസ്റ്റ് ഹൗസ്, പുൽപ്പള്ളി .. 50 സെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ല

(8) നിർമ്മിതി കേന്ദ്രം .. 1.50 ഏക്കർ

തിരുവനന്തപുരം ജില്ല

(9) പോത്തൻകോട് ഗ്രാമപഞ്ചായത്ത് .. 5 സെന്റ്

(10) മാറനല്ലൂർ ഗ്രാമപഞ്ചായത്ത് .. 1.39.061 ഏക്കർ

(സി) മിച്ചഭൂമി സൗജന്യമായി ലഭിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ ഇപ്രകാരമാണ്:

കാസർഗോഡ് ജില്ല

(1) ഡയറക്ടർ ഐ. എച്ച്. ആർ. ഡി. .. 25 ഏക്കർ

വയനാട് ജില്ല

(2) പട്ടികവർഗ്ഗ വികസന വകുപ്പ് .. 1.31 ഏക്കർ

(3) വിദ്യാഭ്യാസ വകുപ്പ് .. 30 സെന്റ്

(4) കാരാപ്പുഴ ഇറിഗേഷൻ പ്രോജക്ട് .. 5.5 ഏക്കർ

(5) പുലരി മഹിളാസമാജം, പുൽപ്പള്ളി .. 5 സെന്റ്

(6) മൈനർ ഇറിഗേഷൻ കനാൽ .. 30 സെന്റ്

(7) ഗസ്റ്റ് ഹൗസ്, പുൽപ്പള്ളി .. 50 സെന്റ്

ഇടുക്കി ജില്ല

(8) അൽഫോൺസാ ബേബി, വടക്കേക്കര .. (പട്ടിക വർഗ്ഗം) 1 ഏക്കർ

(9) ബേബി മുട്ടം (പട്ടിക വർഗ്ഗം) .. 1 ഏക്കർ

(10) റോസ് (പട്ടിക വർഗ്ഗം) .. 1 ഏക്കർ

കോട്ടയം ജില്ല

(11) ഔസേഫ് തോമസ്, വില്ലൂന്നി .. 15 സെന്റ്

(12) ശ്രീജ, കെ. ആർ., വില്ലൂന്നി .. 15 സെന്റ്

(13) കെ. ആർ. മോഹനൻ, വില്ലൂന്നി .. 15 സെന്റ്

(14) സന്തോഷ് പി. എ. അതിരമ്പുഴ .. 5 സെന്റ്

(15) ബീനാ രാജേഷ്, അതിരമ്പുഴ .. 5 സെന്റ്

(16) സാബു റ്റി. വി., അതിരമ്പുഴ .. 5 സെന്റ്

LIBRARY ARCHIVES Kerala Legislative Assembly

(17) സുമതി രാജപ്പൻ, അതിരമ്പുഴ .. 5 സെന്റ്
(18) മിനി കെ., മാങ്ങാനം .. 5 സെന്റ്
(19) ചെല്ലമ്മ, മാങ്ങാനം .. 5 സെന്റ്
(20) ചാക്കോ ലൂയിസ്, അതിരമ്പുഴ .. 5 സെന്റ്
(21) മാധവൻ, കൈപ്പുഴ .. 5 സെന്റ്

കൊല്ലം ജില്ല

(22) നിർമ്മിതി കേന്ദ്രം .. 1.50 ഏക്കർ

(23) ശിവരാജൻ
(24) ബാബു
(25) യശോധരൻ
(26) രാജു
(27) ഓമന
(28) വിജയൻ
(29) തങ്കമണി
(30) ഹരിദാസൻ
(31) സുരേഷ്
(32) ഉഷ സോമൻ
(33) രാധിക
(34) കരുണാകരൻ
(35) സുരേഷ്, പി.
(36) സോമൻ

ആകെ 12.79 ഏക്കർ
(14 ആദിവാസി കുടുംബങ്ങൾക്ക്)

തിരുവനന്തപുരം ജില്ല

(37) ഷൈലജ
(38) ശാന്തിമോൾ
(39) കുമാരി തങ്കം
(40) ഇന്ദിരാമ്മ
(41) ശശിധരൻ
(42) പത്മിനി
(43) ശശിധരൻനായർ
(44) സിന്ധു
(45) സുമംഗലാദേവി
(46) രാജമ്മ

ആകെ 61.503 സെന്റ്

(47) പോത്തൻകോട് ഗ്രാമ പഞ്ചായത്ത് .. 5 സെന്റ്

എറണാകുളം ജില്ല

(48) ഏഴിക്കര ഗ്രാമപഞ്ചായത്ത് .. 5 സെന്റ് 630 ച. ലിംഗ്സ്
അംഗൻവാടി

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ല

(49) ഓമന നാരായണൻ
(50) സോമൻ
(51) മണിയൻ
(52) രാധാമണി
(53) രാജു
(54) ഭാസുര
(55) പി. കെ. സതീശൻ
(56) ഷിബു, എം.
(57) കുമാരി
(58) രമണി
(59) കുഞ്ഞപ്പൻ
(60) ആന്റണി ദേവസി
(61) വേലായുധൻ ഉദയൻ
(62) സുരേഷ്
(63) കാർത്തികേയൻ
(64) പവിത്രൻ
(65) വൽസല
(66) സതി, പി. എസ്.
(67) നന്ദഗോപാൽ
(68) സതി
(69) ഉദയൻ
(70) ബാബു
(71) സുബ്രഹ്മണ്യൻ
(72) അനിമോൻ
(73) ഉഷ ഹരിദാസ്
(74) മാധവി
(75) സുമതി
(76) ചന്ദ്രൻ
(77) ദേവകി
(78) ഉത്തമൻ
(79) ജയറാണി
(80) കാർത്തികേയൻ
(81) അനിയൻ
(82) രമ
(83) കണ്ണൻ, ജി.
(84) ഗോപി
(85) മായ

ആകെ 2.83.00 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ അനുവദിച്ച മിച്ചഭൂമിയിൽ അപേക്ഷിച്ച ആവശ്യത്തിന് ഉപയോഗിക്കാത്തതിന്റെ പേരിൽ 2.46 ഏക്കർ സ്ഥലം 2001 മുതൽ നാളിതുവരെ തിരിച്ചെടുത്തിട്ടുണ്ട്. പതിവ് ലഭിച്ച ഭൂമി ഏറ്റെടുക്കാത്തതിനാലാണ് 2.46 ഏക്കർ സ്ഥലവും തിരിച്ചെടുത്തത്. വയനാട് ജില്ലയിലാണ് 2.46 ഏക്കർ സ്ഥലവും തിരിച്ചെടുത്തത്.

വാഗമൺ മേഖലയിൽ ഭൂമി കയ്യേറ്റം

156 [2594] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

" *എം. കെ. പോൾസൺ മാസ്റ്റർ:*

" *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിൽ എത്ര ഭൂമി കയ്യേറ്റക്കാരുണ്ട്;

(ബി) ഇവരിൽ എത്രപേർ കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനെതിരെ സ്റ്റേ വാങ്ങിയിട്ടുണ്ട്;

(സി) അവരുടെ കൈവശത്തിലുള്ള ഭൂമി എത്രയാണ്; അവിടെ എന്തെല്ലാം വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ഡി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഇ) വാഗമണ്ണിലെ കയ്യേറ്റക്കാരെ സംബന്ധിക്കുന്ന മധേക്കർ റിപ്പോർട്ടിലെ പ്രധാന ശുപാർശകളെന്തെല്ലാമാണ്; ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 4731 അനധികൃത കയ്യേറ്റക്കാരുണ്ട്.

(ബി) ഒരാൾ സ്റ്റേ വാങ്ങിയിട്ടുണ്ട്.

(സി) 1.25 ഏക്കർ സ്ഥലം കൈവശമുണ്ട്. അതിൽ കെട്ടിടങ്ങൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

(ഡി) സ്റ്റേ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മധേക്കർ റിപ്പോർട്ടിൽ വാഗമൺ പ്രദേശത്ത് ഭൂമി കയ്യേറ്റം നടത്തിയ 23 വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly